പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2310 — 10/10/2011-ൽ മറുപടിക്ക്

## കോളനിയിലെ കുടിവെള്ള പ്രശ്നവും കമ്മ്യൂണിറ്റി ഹാളും

ചോദ്യം — മറുപടി

ശ്രീ. എം.പി.വിൻസെൻറ് — കുമാരി പി.കെ.ജയലക്ഷ്മി

(പട്ടിക വർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഒല്ലൂർ മണ്ഡലത്തിലെ പഴംപള്ളം ആദിവാസി കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന പഴംപള്ളം ആദിവാസി കോളനിയിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 8 ലക്ഷം രൂപ ചെലവ് കണക്കാക്കുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ ജില്ലാ പ്ളാനിംഗ് ഓഫീസിൽ നിന്നു സ്വീകരിച്ചുവരുന്നു. |
| (ബി) | ഒല്ലൂർ മണ്ഡലത്തിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗക്കാർക്കുള്ള കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിൻെറ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ? | (ബി) | ഉണ്ട്. ഒല്ലൂർ മണ്ഡലത്തിലെ പുത്തൂർ ഗ്രാമപഞ്ചായത്തിലെ വല്ലൂർ കോളനിയിൽ ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനു പുത്തൂർ ഗ്രാമപഞ്ചായത്ത് 4 ലക്ഷം രൂപയുടെ പദ്ധതി ശുപാർശ M.P . ഫണ്ടിൽനിന്നു അനുവദിക്കുന്നതിനായി 15.8.2011-നു ജില്ലാ പ്ളാനിംഗ് ഓഫീസിൽ പട്ടികവർഗ്ഗ |

| | | |
|---|---|---|
| | | വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് ആവശ്യമായ അനുബന്ധരേഖകൾ ഗ്രാമപഞ്ചായത്ത് ജില്ലാ പ്ലാനിംഗ് ഓഫീസിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.ആയത് ലഭ്യമാകുന്ന മുറയ്ക്കു തുക അനുവദിക്കുന്നതിനുള്ള നടപടികൾ ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്നു സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ